പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1291

30.9.2011-ൽ മറുപടിയ്ക്ക്

ഗ്രാമവികസന പദ്ധതികളുടെ ശരിയായ മോണിട്ടറിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>,, കെ. ശിവദാസൻ നായർ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമവികസന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; | (എ) ഗ്രാമവികസന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ താഴെപ്പറയുന്നവയാണ്.<br>(1) ഗ്രാമവികസന പദ്ധതികളുടെ പുരോഗതി റിപ്പോർട്ടുകൾ വെബ് അധിഷ്ഠിതമായ സോഫ്റ്റ് വെയർ മുഖേന ശേഖരിയ്ക്കുന്നുണ്ട്.<br>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും പ്രധാന മന്ത്രി ഗ്രാമീൺ സഡക് യോജനയുടേയും പുരോഗതി റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലായത്തിന്റെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെയും (എം.ഐ.എസ്) ശേഖരിയ്ക്കുന്നുണ്ട്.<br>പുരോഗതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവലോകനം ചെയ്യുന്നുണ്ട്.<br>(2) ഗ്രാമവികസന പദ്ധതികൾ ബ്ലോക്ക് ജില്ലാ തലത്തിലേയും സംസ്ഥാനതലത്തിലേയും ഉദ്യോഗസ്ഥർ ഫീൽഡ് തല പരിശോധന നടത്തി നിരീക്ഷിയ്ക്കുന്നുണ്ട്.<br>(3) കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികളുടെ പുരോഗതി ജില്ലാ - സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ അവലോകനം ചെയ്യുന്നുണ്ട്. |

(4) കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ കേന്ദ്രഗ്രാമവികസന മന്ത്രാലയം നിയോഗിക്കുന്ന മന്ത്രാലയത്തിന്റെ ഏര്യാ ഓഫീസർമാരും ഗ്രാമവികസന മന്ത്രാലയം ചുമതലപ്പെടുത്തുന്ന നാഷണൽ ലവൽ മോണിറ്റർമാരും (National level Monitors) പരിശോധിയ്ക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ കാര്യത്തിൽ നാഷണൽ ലവൽ മോണിറ്റർമാരും, സ്റ്റേറ്റ് ലവൽ ക്വാളിറ്റി മോണിറ്റർമാരും പ്രവൃത്തികൾ പരിശോധിയ്ക്കുന്നുണ്ട്.

(5) കേന്ദ്രാവിഷ്കൃതപദ്ധതി നടത്തിപ്പ് കേന്ദ്ര സർക്കാർ നിയോഗിയ്ക്കുന്ന ഏജൻസികൾ പഠിച്ച് അവലോകനം നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഗ്രാമവികസന പദ്ധതികളുടെ ശരിയായ മോണിറ്ററിംഗിന് നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ കുടുതൽ കാര്യക്ഷമമാ — ക്കാവുന്നതാണ്. |
| (സി) | ഗ്രാമവികസനവും നഗരവത്ക്കരണവും തമ്മിൽ വേർതിരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | ഗ്രാമവികസനവും നഗര വികസനവും തമ്മിൽ വേർതിരിച്ച് തന്നെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. |
| (ഡി) | ഗ്രാമീണ തനിമകൾ നിലനിർത്തി ഗ്രാമവികസന പദ്ധതികൾ ആവിഷ്ക്കരിക്കുമോ ? | (സി) | ഗ്രാമീണ തനിമകൾ നിലനിർത്തികൊണ്ടുതന്നെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ